**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികളെ തട്ടികൊണ്ട്പോകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശിശുക്കൾ ഉൾപ്പെടെയുള്ള പ്രായപൂർത്തിയാകാത്ത കുട്ടികളെ തട്ടികൊണ്ടുപോകൽ നടക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ ഉടൻ പോലീസ് അടിയന്തിരമായി നിയമ നടപടികൾ സ്വീകരിക്കുകയും കാണാതായ കുട്ടിയെ കണ്ടെത്തുന്നതിനാവശ്യമായ സമയോചിതമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. പ്രസ്തുത വിവരം വയർലെസ്സ് മുഖാന്തിരം ജില്ലയിലെയും സംസ്ഥാനത്തിലെ മറ്റു സ്റ്റേഷനുകളിലും അറിയിക്കുകയും റെയിൽവേ സ്റ്റേഷൻ, KSRTC ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലും സോഷ്യൽ മീഡിയ മുഖേനയും പരമാവധി വേഗത്തിൽ അറിയിപ്പ് കൊടുക്കുകയും CCTV ദൃശ്യങ്ങൾ പരിശോധിച്ചും ചെക്പോസ്റ്റുകളിൽ പരിശോധന ശക്തമാക്കിയും കൃത്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സമീപകാലങ്ങളിൽ ഇത്തരം അടിയന്തിര ഇടപെടലുകളിലൂടെ കാണാതായ കുട്ടികളെ പോലീസ് വേഗത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് കുട്ടികളുടെ മാതാപിതാക്കൾ കേരളാ പോലീസിന് നന്ദി പറഞ്ഞത് ഉൾപ്പെടെ മാധ്യമ ശ്രദ്ധനേടിയ ഒട്ടനവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതിനെത്തുടർന്ന് കണ്ടെത്തിയ തസ്മിത് തംസും എന്ന പെൺകുട്ടി, പൂയപ്പള്ളി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതിനെ തുടർന്ന് കണ്ടെത്തിയ അബിഗേൽ സാറ എന്ന പെൺകുട്ടി, കൊടുവള്ളി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതിനെത്തുടർന്ന് കണ്ടെത്തിയ നിയ മെഹറിൻ എന്നീ കേസുകൾ ഇതിന് ഉദാഹരണങ്ങളാണ്. |
| (ബി) | എങ്കിൽ കഴിഞ്ഞ 3 വർഷകാലയളവിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 3 വർഷ കാലളവിൽ ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു |

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2021 | 101 |
| 2022 | 114 |
| 2023 | 124 |

<table>
<tr><td></td><td></td><td></td><td><table><tr><td>08.10.2024 വരെ</td><td>66</td></tr></table></td></tr>
<tr><td>(സി)</td><td>ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി നിയമത്തിനുമുന്നിൽ എത്തിച്ചു; ഇനിയും എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താനുണ്ട്, വിശദമാക്കുമോ;</td><td>(സി)</td><td>പ്രതികളെ പിടികൂടി നിയമത്തിന് മുന്നിൽ എത്തിച്ചിട്ടുള്ളതും പ്രതികളെ കണ്ടെത്താൻ ഉള്ളതുമായ കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><table>
<tr><th>വർഷം</th><th>പ്രതികളെ പിടികൂടി നിയമത്തിന് മുന്നിൽ എത്തിച്ച കേസുകളുടെ എണ്ണം</th><th>പ്രതികളെ കണ്ടെത്താൻ ഉള്ള കേസുകളുടെ എണ്ണം</th></tr>
<tr><td>2021</td><td>98</td><td>03</td></tr>
<tr><td>2022</td><td>111</td><td>03</td></tr>
<tr><td>2023</td><td>119</td><td>05</td></tr>
<tr><td>08.10.2024 വരെ</td><td>63</td><td>03</td></tr>
</table></td></tr>
<tr><td>(ഡി)</td><td>പ്രസ്തുത കേസ്സുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്ക് ജീവപര്യന്തം ഉൾപ്പെടെയുള്ള കർശന ശിക്ഷ ഉറപ്പാക്കാൻ ആഭ്യന്തര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>ഇത്തരം കേസുകൾ നടത്തുവാൻ പബ്ലിക് പ്രോസിക്യൂട്ടർമാരെ സഹായിക്കുന്നതിന് ജില്ലകളിൽ എയ്ഡ് പ്രോസിക്യൂഷൻ വിംഗ് പ്രവർത്തിച്ചു വരുന്നു. കേസുകളുടെ തുടർ നടത്തിപ്പിനായി വിക്ടിം ലെയ്സൺ ഓഫീസർമാരെ എല്ലാ പോലിസ് സ്റ്റേഷനുകളിലും നിയോഗി ച്ചിട്ടുണ്ട്. സാക്ഷികൾ നിർഭയമായി കോടതിയിൽ ഹാജരായി മൊഴി നൽകുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിനും കേസിന്റെ വിചാരണയുടെ സുഗമമായ നടത്തിപ്പിനും എയ്ഡ് പ്രോസിക്യൂഷൻ വിംഗ് സഹായിച്ചു വരുന്നു. കൂടാതെ സാക്ഷികൾക്ക് ഭീഷണിയോ സ്വാധീനമോ പ്രതികളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രതികളുടെ ജാമ്യം റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ